FAROOK COLLEGE

# 50th ANNUAL REPORT

**S**taff : The College has a strength of 133/148 teachers and 78 non-teaching members on its staff. During the period under report there was no addition to the staff. The services of Dr. T.P. Mohammed Fareed, Sri V. Soopy and Sri. K. Mammutty have been regularised. Dr. Saffiya Bee and Dr. K.T. Aboobacker Sidhique left the service by retaining lien for one year. Sri. Rasheed Kattintavida Sri. P.M. Saleem and Sri. C.A. Jameel who were on long leave have been relieved from the service. Sri. C.K. Ebrahim, Sri. C. Abdul Hameed, K.M. Kunhahamed, Sri. P. Hamza, Sri. N.P. Hameed and Sri. V. Abdul Saleem from among the non-teaching staff have been promoted and Sri. T.K. Gangadharan retired from the service. Dr. A. Saleem and Sri. K. Kunhimoyenkutty left us for ever.

Mr. P.M. Mubarak Pasha, Principal, has been awarded Ph.D. by the University of Calicut this year. 15 teachers are presently involved in research activities, 17 teachers took refresher courses in various disciplines, 2 teachers attended workshop on vocational course and one attended Management Training Programme. Our students also contributed greatly by performing well in the examinations. The results of the Examinations conducted by the University of Calicut are:

| | | |
|---|---|---|
| Pre-degree | - | 80.4% |
| B.A. Degree | - | 89.63% |
| B.Sc. Degree | - | 69.03% |
| B.Com. | - | 68.4% |
| M.A. | - | 53.65% |
| M.Sc. | - | 74% |
| M.Com. | - | 83.66% |

Library : Providing support to the academic activities, with its collection of 59,821 books, the college library procured 674 more books this year. The library subscribed for 116 periodicals, of which 52 are bound and preserved at a special section for reference. The library keeps audio visual aids, cassettes, film strips, slides etc.

College Union: The election to the College Students Union was held on 6-11-97. Mr.Rasheed Ahamed was elected the Chairman and Mr. Salim was elected the General Secretary. A separate report of the Union activities will be presented by the Secretary.

**N.S.S.**

The College has three N.S.S. units with 330 volunteers.

Mr. Barua, I.A.S. inaugurated NSS Blood Bank. NSS won first prize in the float competition conducted by the University Union. A ten day Special Camp was held at Kakkov during Christmas holidays. Teachers Day, Human Rights Day, Youth Day were celebrated. Onam programmes were held at Rahimaniya School for handicapped and Juvenile Centre, Calicut. Trekking camp at Thusharagiri Nature Camp at Muthanga and Thatekat, Drug collection, Dress Collection, Survey at Paruthippara and Kakkov, Classes on AIDS, First Aid, Personality aspects, various competitions, slide and poster exhibitions etc. were other programmes.

**N.C.C.**

NCC Army had 106 as its strength. 26 cadets attended A.T.C. One ca-

det attended N.I.C. at Delhi and at Kollam. Two cadets attended army attachment camp at Secunderabad. One cadet attended trekking camp at Agastiakoodam. Five cadets appeared for 'C' Certificate examination and sixteen attended 'B' Certificate examination.

NCC Girls wing has 54 cadets, 34 army and 20 navy girls. Four attended A.T.C., six attended Leadership camps at Surat, Amaravati and Kannur. One attended N.I.C. at Ooty.

NCC Navy has a strength of 50 cadets. Twelve boys and two girls attended A.T.C. Eight attended various CAWTC, RD camps and one N.I.C. at Baroda.

NCC units celebrated Independence and Republic Days, held social service programmes and served as volunteers for many programmes.

**Physical Education:**

The Department brought laurels to the college by winning the Interzone Football tournament. The Kabadi and the Cricket teams won University 'A,zone' championships. The cricket team bagged Kozhikode District 'B' Division championship also. The junior football team captured All Kerala Zonal championship. The kho-kho team secured third place in the University. The Department sponsored the Inter-Zone football tournament this year. It was opened by Mr. K.C. Hassankutty. Mr. Jacob Punnoose, I.P.S. and Mr. K.V. Kunhamedkoya were the Chief Guests of the closing day. The Interhouse tournaments in all games were conducted. The Annuel Sports Meet was held on 3-3-98. Mr. C.P.M. Usmankoya, (Calicut University Football Coach) inaugurated the sports meet. The guest of honour for the closing ceremony was Mr. Sreenivasan, A.C. of Police, Calicut. Both sections, Men & Women of Day Scholars house won the Athletic Championship. Madhu. P. I M.A. and Sajith Kumar, III B.Sc. shared the individual championship (Men section).

Hajira P. $S_5$ won the Individual championship in Women section.

**Minority Coaching:**

The Minority Coaching Centre was proud to help twelve students to get through the Entrance Test for Medical and Engineering Courses. The centre offered Coaching programmes for Medical and Engineering tests, and the National Entrance Test held formally by UGC & C.S.I.R. The centre offered special remedial coaching in English, Maths., Physics, Chemistry & Biology for the pre-degree students. It conducted a career orientation programme for P.G. Students which was addressed by Mr.Padmakumar, I.A.S. and Mr. K.V. Kunhamedkoya. As a motivation for intellectual excellence an I.G. Test was held and toppers were given prizes by Mr. KC. Hassankutty.

**C.D.I.**

As part of the Ford Foundation Project a team of South African and US delegates visited the college. A Quiz competition. a workshop for the non-teaching staff, a seminar on campus politics, a B.P. and Blood sugar detection camp, a blood grouping camp. etc. were the social out-reach programmes this year. Three students attended a conference at D.A.V. college, Dehradun. Two teachers attended a workshop at Bangalore and one took part in the cluster meeting at Tuticorin.

**C.C.G.C.**

A Career and Course Guidance Centre was inaugurated by Mr. M.R. Pai of Bombay. The Centre conducted Career Aptitude Test for UG and PG students. A lecture was given on Travel & Tourism Management, one on Use of Librery, and one on the Entrepreneurial Awareness. A model test for M.B.A. Entrance test was conducted. The centre launched a long term programme for coaching candidates for Civil Service Examination.

**P.T.A.**

The PTA rendered co-operation to improve facilities in the teaching departments. It awarded cash prizes to the toppers in the Half Yearly Examinations. It contributed two generators to the college. It also helped the smooth functioning of college students Union, Health Centre and the canteen.

**Jubilee Health Centre :**

The centre offers medical consultation to all students on the campus. Four free medical camps were organised for students and the public at the centre and two outside.

**FOSA:**

An inter-collegiate Mathematical Quiz competitions `Maths Plus' as part of `Rajeev F Nambiar Endowment' was held. The winners were given both cash prizes and the rolling trophy. The Association helped the poor students to the tune of Rs 8000/-.

**Conclusion:**

As the year comes to a close I feel content and cheerful. The college had turned a veritable beehive of activities both in scholastic and co-curricular areas. My heartful lthanks are to my dear students who were always my hope and aspirations and great support, and to my beloved teachers who most motivated me to move ahead, and thus all above my managing committee which stood with me all through the line. I thank you all. And, as the college is moving towards its fiftieth anniversary and golden jubilee celebrations, let us stand together so as to march to a new era, a new century, to the space and time of glorious opportunities of growth and development. ■

# ചുരുൾ
# നിവർത്തിയത്

ചുരുൾ നിവർത്തുവതെങ്ങനെ?

പഴയ രീതികൾ എളുപ്പമാർഗ്ഗമോതുന്നു. ലഭിച്ച രചനകളിൽ നിന്ന് തിരഞ്ഞെടുപ്പ് നടത്തുക, പരസ്യം പിടിക്കുക, അച്ചടിക്കാൻ കൊടുത്ത് നെടുനിശ്വാസം വിട്ട് കാത്തിരിക്കുക. വേണമെങ്കിൽ കലാലയത്തിന് പുറത്തുള്ളവരുടെ രചനകൾ കൂട്ടിച്ചേർക്കാം. ജോൺ, ഹഷ്മി സ്മരണ. ഒരു പിക്കാസോ ചിത്രം. അല്ലെങ്കിൽ റോഡിന്റെ ശിൽപ്പം. സമ്പൂർണ്ണം. ശുഭം.

വഴിമാറണം. നജയൊരുക്കം. റഷീദ് കൂട്ട്. കാമ്പസിൽ നേർത്ത ശബ്ദമേ, തനിമ കുറഞ്ഞ മുദ്രാവാക്യങ്ങളേ കേൾപ്പൂ എന്ന ആക്ഷേപം നിലനിൽക്കുന്നു. മാഗസിൻ ആരും ശ്രദ്ധിക്കാത്ത വാറോലയെന്നനുഭവം. പ്രതികൂല പരിസരത്ത്, അദ്ധ്യാപക പത്രാധിപ സ്ഥാനം ആദ്യമായി ഏറ്റെടുക്കുമ്പോൾ, വിദ്യാർത്ഥികളിൽ, സഹപ്രവർത്തകരിൽ വിശ്വാസമുണ്ടായിരുന്നു. നജയുമായ് പലവട്ടം സംസാരിച്ചു, ബസ്റ്റോപ്പിൽ വെച്ച്, ബസ്സിലിരുന്ന്, ചായക്കോപ്പക്ക് മുന്നിലിരുന്ന്. പല വിദ്യാർത്ഥികളോടും ചർച്ച ചെയ്തു. മനസ്സിലൊരു ചോദ്യം മാത്രം, ഈ ചുരുളെങ്ങിനെ നിവർത്തണം?






പത്രാധിപ സമിതിയിൽ രാഷ്ട്രീയ പാർട്ടികളുടേതല്ലാത്ത കഴിവുള്ളവരുടെ പ്രാതിനിധ്യം. സമിതി കൂടി. സങ്കൽപ്പങ്ങൾ കൈമാറി. മാഗസിനൊരുക്കുന്നതിൽ തൽപ്പരരായ മറ്റ് വിദ്യാർത്ഥികളുടെ ഒത്തുചേരലിൽ നാൽപ്പത്തിരണ്ട് പേർ. സർഗ്ഗരചനയ്ക്കപ്പുറം, വിഷയങ്ങളേറ്റെടുത്ത് കൂട്ടുരചന നടത്താൻ പലരുമൊരുക്കം. പുതുവഴി ആഹ്ലാദകരമായ അനുഭവമായി. ബാല്യം, വിദ്യാഭ്യാസം, മാധ്യമം, ആഗോളവത്കരണം തുടങ്ങിയ പത്തൊമ്പത് വിഷയങ്ങൾ. ചിലതൊക്കെ യാഥാർത്ഥ്യമാകുമെന്ന് വിശ്വാസം. ഒരുക്കാനുള്ളവർ എല്ലാവരും പരിചയസമ്പരല്ല, എന്നാൽ ആനുകാലികങ്ങളിൽ എഴുതിത്തുടങ്ങിയ ദിലീപ്, മുഹമ്മദ് കോയ, ഷെറി, വഫാ, ഷഹനാസ് തുടങ്ങിയവരുമുണ്ട്. പലർക്കും എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹമുണ്ടായിരുന്നു.

ചുരുൾ നിവർത്തപ്പെടുകയായിരുന്നു. ക്ലാസ്സ് കഴിയാൻ കാത്തുനില്ക്കുന്ന സൽവ: സാർ ചോദ്യാവലി റെഡി. ആരെയൊക്കെ കാണണം? കൊണ്ടാടുന്ന വിദ്യാഭ്യാസത്തെക്കുറിച്ച് വീണ്ടുവിചാരം നടത്താനൊരുങ്ങി ഷിലു, വഫാ, ഷെറിമാർ പുസ്തകങ്ങൾ തേടുന്നു, വായന തുടങ്ങുന്നു. ചോദ്യാവലി അയച്ചു കാത്തിരിക്കുന്നു. വഫയറിയിക്കുന്നു: സാർ, കരീംസാറിന്റെ പ്രതികരണം കിട്ടി. ജലീൽ സാറിനെ കാണണം. ഷിലുവും ഷെറിയും സമയം തേടുന്നു. കനവ് സന്ദർശിക്കാൻ ഒരുങ്ങുന്നു. എഴുതുന്നു. വെട്ടുന്നു. തിരുത്തുന്നു. പകർത്തുന്നു.

മഹ്മൂദും ഷറഫുദ്ദീനും ആഗോളവത്കരണത്തെക്കുറിച്ച് നാടാകെ മൗനം നടിക്കുന്നതിൽ നിരാശർ. വിടില്ല, വിഷയം മാറാനവരൊരുക്കം. പ്രവീണും ഷംസുദ്ദീനും കാമ്പസിന്റെ വർത്തമാനകാലം തേടുന്നു. നിശ്ശബ്ദരായിരുന്ന് ഹഖീമും കബീറും ബാല്യവുമായെത്തുന്നു. മുഹമ്മദ് കോയയും നൗഷാദും കോളേജിന്റെ ചരിത്രം അന്വേഷിക്കുന്നു. ഭാഷാവിഭാഗങ്ങൾ തയ്യാറാക്കാൻ സഹായിച്ച ഫാറൂഖ്, ഷാജഹാൻ, മോഹൻരാജ്, റിയാസ്. സാക്കിറാണ് നൂറ്റാണ്ടിന്റെ സമ്പാദ്യത്തെക്കുറിച്ച് വിത്ത് പാകിയത്. ടെലിഫോണിക് ഇന്റർവ്യൂവിലൂടെ വിവരം തേടാനുള്ള ആശയം മനസ്സിൽ വിരിഞ്ഞു. നമ്പറുകറക്കുന്ന ചൂണ്ടുവിരൽ നോക്കി അനദ്ധ്യാപക സഹപ്രവർത്തകൻ ഉസ്മാൻ. അപ്പുറം ആശ്ചര്യം, ആവേശം. കുറിച്ചെടുക്കുന്ന കൈ.

അപ്പോഴേക്ക് പരസ്യങ്ങളുമായി ഷമീറും മനാസും. റഷീദവർക്ക് നേതാവ്. അച്ചടി തുടങ്ങുകയായി. പ്രൂഫ് വായനക്ക് ജിൻസി, ഷഹനാസ്, ജാസ്മിൻ രാധിക എന്നിവർ ജസീറക്കൊപ്പം. ഡിസൈനിങ്ങ്, ചിത്രം വരയ്ക്കാൻ അനീഷ്. ഓഫീസ് കാര്യങ്ങൾ നിയന്ത്രിക്കാൻ കരീം. ഓരോ ഘട്ടങ്ങളിലും അരുനില്ക്കാൻ, നിർ



I am happy to inform you that you have been nominated to the students Editorial Board for College Magazine 1998-1999. I request you that this nomination may be accepted.

I also request you to attend the first EDITORIAL BOARD meeting on 10.2.98 (Tue) at 12.00 noon in Room No: 71

STAFF EDITOR

STUDENT EDITOR

1. Noushad - III BA English
2. Manzoor Ali - I MA Arabic
3. Shameer - II B.com
4. Saleem KK - II BA Economics
5. Manas - II B.B.S
6. Ajisha B.S - II BA Sociology
7. Shareena Banu - III BA Sociology
8. Tincy - I BSc.
9. Shahnas - P2


ദ്ദേശം തരാൻ പ്രിൻസിപ്പാൾ.

മുഖചിത്ര ചിന്ത, ഏതുവഴി? നല്ലൊരു കളർ സ്ലൈഡ് സംഘടിപ്പിക്കാം. ഒരു വിദ്യാർത്ഥിയുടെ ചിത്രമാകാം. മിന്നൽ പോലെ ഒരാശയം. ഓരോ മാഗസിനും ഓരോ മുഖമെന്തുകൊണ്ടായ്ക്കൂടാ. എൻെറ വിദ്യാർത്ഥികളെപ്പോലെ. രഹസ്യമായി ഒരുക്കങ്ങൾ. റഷീദും നജയും പറഞ്ഞു: ഐഡിയ പുറത്തു വിടരുത്.


അങ്ങനെ, ചുരുൾ നിവർത്തപ്പെടുകയായിരുന്നു.


ലോകപ്രശ്നങ്ങൾ കൊച്ചുതലകളേറ്റിയിട്ടില്ല. കലാലയത്തിൻെറ ചുമരിനപ്പുറമുള്ള കൂട്ടുകാരുടേയോ പ്രശസ്തരുടേയോ രചനകൾ തേടിയിട്ടില്ല. അര നൂറ്റാണ്ട് പിന്നിടുന്ന ഒരു ദേശത്തിൻെറ, ആകസ്മികമെന്ന് പറയട്ടെ ഒരു കലാലയത്തിൻെറയും, വികാസവും സാന്നിദ്ധ്യവും ഒരു ചരടാൽ കുരുക്കാനായിരുന്നു ശ്രമം. വിദ്യാഭ്യാസവും, കാമ്പസും, ഫാറൂഖും, സ്വാതന്ത്ര്യവും, നൂറ്റാണ്ടും നേർത്തതെങ്കിലും ഒരു സുവർണ്ണച്ചരടാൽ നെയ്യാൻ ബോധപൂർവ്വം ശ്രമിക്കുകയായിരുന്നു. സൂക്ഷ്മാംശങ്ങളിൽ പോലും താൽപ്പര്യമുള്ള കുറേപ്പേരുടെ പങ്കാളിത്തത്തിൽ നിന്നാണ് ചുരുൾ നിവർത്തപ്പെടുന്നത്. മാഗസിനുള്ള പേരു കണ്ടെത്താൻ പോലും വിദ്യാർത്ഥികളുടെ നിർദ്ദേശങ്ങൾ തേടുകയായിരുന്നു. അവയിലൊന്ന് തിരഞ്ഞെടുക്കാൻ മൂന്ന് ഒത്തുചേരലുകൾ. വിഭാഗീയ വിവേചനങ്ങൾക്കപ്പുറം ആരേയും സ്വീകരിക്കാനുള്ള മനസ്സ് നജയ്ക്കു ണ്ട്. നജയ്ക്ക് എപ്പോഴും കൂട്ടിന് സഹപാഠികൾ. നഗരത്തിൽ രാപ്പകൽ കറങ്ങി എല്ലാമൊരുക്കുന്ന റഷീദ്, നജക്കു ആശ്വാസം.

ഈ കൂട്ടായ്മയിൽ നിന്നാണീ ചുരുൾ നിവർത്തപ്പെടുന്നത്.




കൂട്ടുനിൽക്കുകിൽ കാമ്പസ് എന്നും സജീവമെന്ന അനുഭവം ഇവിടേയും അറിയുന്നു. പരിധികളും പരിമിതികളും മറക്കാതെ, സ്വപ്ന സാഫല്യത്തിൻെറ കൊച്ചുതീരമെങ്കിലും പൂകിയ ആഹ്ലാദത്തോടെ ഇതാ ഈ ചുരുൾ. നിവർത്തുക, ഒരപേക്ഷ, അറിയുക.







ചുരുളെങ്ങിനെ നിവർത്തി?

ധ്യാനബുദ്ധകഥ.

ശിഷ്യൻ ഏറെ നേരത്തെ ആലോചനയ്ക്ക് ശേഷം ചോദിച്ചു: ''ഈ സമുദ്രങ്ങളും പർവ്വതങ്ങ ളുമെല്ലാം എവിടെ നിന്നുണ്ടായി?''

ഗുരു: ''നിൻെറ ചോദ്യം എവിടെ നിന്നുണ്ടായി?'' ■



• ഹാഫിസ് •

# യൂണിയൻ റിപ്പോർട്ട്

ദൈവനാമത്തിൽ

•

1997 നവംബർ 6ന് നടന്ന കോളേജ് യൂണിയൻ
തെരഞ്ഞെടുപ്പിൽ വിജയിച്ചവർ

**ചെയർമാൻ**
റഷീദ് അഹമ്മദ്. പി.
**വൈ: ചെയർമാൻ**
റീജ. സി.
**ജ: സെക്രട്ടറി**
സലീം. എ.കെ.
**ജോ: സെക്രട്ടറി**
ജസീറ. കെ.
**യു.യു.സി**
അബ്ദുറഹ്മാൻ. പി.പി.
ആഷിഖ് അഹമ്മദ്. പി.
**ഫൈൻ ആർട്സ് സെക്രട്ടറി**
അനീഷ്. കെ. ആർ.
**ജനറൽ ക്യാപ്റ്റൻ**
സുധീർ. വി.പി.
**സ്റ്റുഡൻറ് എഡിറ്റർ**
നജാത്തുല്ലാ സിദ്ധീഖി

•

**ക്ലാസ്സ് പ്രതിനിധികൾ**
I PDC
അഹമ്മദ് തമീം
II PDC
മുഹമ്മദ് സാലിഹ്. കെ.പി.
I DC
പ്രതീഷ്. എ.
II DC
അബ്ദുൽ ഷമീർ. പി.എം
III DC
സുബൈർ. കെ.
PG
മുഹമ്മദ് അസ്ലം. എ. എം.

•

**അസോസിയേഷൻ സെക്രട്ടറിമാർ**
*ഇംഗ്ലീഷ്*
മുഹമ്മദ് യൂനുസ്. പി.പി.
*അറബിക്*
അൻവർ സാദിഖ്
*ഹിസ്റ്ററി*
നിസാമുദ്ദീൻ. ബി.എസ്.
*മലയാളം*
മുഹമ്മദ് കോയ. പി.വി.
*സോഷ്യോളജി*
ഫൗസിയ. ടി
*ഇക്കണോമിക്സ്*
അജിത്. ടി
*സ്റ്റാറ്റിസ്റ്റിക്സ്*
ജിസല്ലാ തോമസ്
*ഫിസിക്സ്*
സജിത്. എൻ.കെ.
*മാത്തമാറ്റിക്സ്*
ഷമീർ. കെ.
*സുവോളജി*
സുമേഷ്. എസ്.എസ്.
*കെമിസ്ട്രി*
നൗഷാദ്. കെ.കെ.
*ബോട്ടണി*
സുനിൽ കുമാർ. ആർ.
*കൊമേഴ്സ്*
ഫിയാസ് ഉസ്മാൻ

•

*യൂണിയൻ എക്സിക്യൂട്ടീവ്*
*കൗൺസിൽ അംഗങ്ങൾ*
അബ്ദുൽ ഷമീർ. പി.എം.
നൗഷാദ്. കെ.കെ.
അജിത്. ടി.

•

*സ്റ്റാഫ് അഡ്വൈസർ*
കെ. അഹമ്മദ് കോയ
*ഫൈൻ ആർട്സ് ഡയറക്ടർ*
ഇ.പി. ഇമ്പിച്ചിക്കോയ
*സ്റ്റാഫ് എഡിറ്റർ*
എൻ. പി. ഹാഫിസ് മുഹമ്മദ്

•

## യൂണിയൻ പ്രവർത്തനങ്ങൾ

**യൂണിയൻ ഉദ്ഘാടനം :**

ഡിസംബർ 10ന് ബഹു: അബ്ദുസ്സമദ് സമദാനി എം.പി. നിർവ്വഹിച്ചു. ഫൈൻ ആർട്സ് ക്ലബിൻെറ ഉദ്ഘാടനം അതേ വേദിയിൽ തന്നെ കാർട്ടൂണിസ്റ്റ് ബി.എം. ഗഫൂർ നടത്തി.

**ഫൈൻ ആർട്സ് ഡേ:**

ഡിസംബർ 11ന് കഥാകൃത്ത് അക്ബർ കക്കട്ടിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് വിവിധ കലാപരിപാടികൾ നടന്നു. കോളേജിലെ ഗായകർ മാത്രം നയിച്ച ഓർക്കസ്ട്ര ഏറെ ശ്രദ്ധേയമായി.

**മെഹന്തി ഡിസൈനിംഗ് :**

ഡിസംബർ 8ന് വിദ്യാർത്ഥിനികൾക്കായി മൈലാഞ്ചിയിടൽ മത്സരം നടത്തി. മൻജുന. എസ്.വി. (I PDC) നദീറ (I PDC) എന്നിവർ യഥാക്രമം ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി.

**സാഹിത്യ സല്ലാപം:**

ജനുവരി 13ന് പ്രശസ്ത സാഹിത്യ കാരന്മാരുമായി നടത്തിയ മുഖാമുഖത്തിൽ പി.കെ. പാറക്കടവ്, ശിഹാബുദ്ദീൻ പൊയ്തുംകടവ് എന്നിവർ പങ്കെടുത്ത് ചെറുകഥകൾ അവതരിപ്പിക്കുകയും വിദ്യാർത്ഥികളുമായി സംവദിക്കുകയും ചെയ്തു.

**വനിതാ സെമിനാർ:**


ജനുവരി 15ന് 'ഇന്നത്തെ സ്ത്രീ' എന്ന വിഷയത്തിൽ സിസ്റ്റർ നിർമ്മൽ, റഹ്മത്തുന്നിസ, വിൽമാ ജോൺ എന്നിവർ പങ്കെടുത്ത വനിതാ സെമിനാർ നടന്നു.

**അബുസബാഹ് അനുസ്മരണം:**


ഫെബ്രുവരി 4ന് മൗലാനാ അബുസബാഹ് മെമ്മോറിയൽ എവർറോളിങ്ങ് ട്രോഫിക്ക് വേണ്ടി, വിവിധ കോളേജുകളിൽ നിന്നും വിദ്യാർത്ഥികളെ പങ്കെടുപ്പിച്ച് ഡിബേറ്റ് മത്സരം നടന്നു. ഏറ്റവും നല്ല ടീമായി റൗദത്തുൽ ഉലൂം അറബി കോളേജും പ്രസംഗകനും പ്ര സംഗകയുമായി ട്രൈനിംഗ് കോളേജിലെ ഇസ്ഹാഖും ഫസീലയും തിരഞ്ഞെടുക്കപ്പെട്ടു.

**സീതിസാഹിബ് അനുസ്മരണം:**

ഫെബ്രുവരി 9ന് സീതിസാഹിബ് അനുസ്മരണാർത്ഥം നടത്തിയ ഇ ന്റർ കൊളീജിയേറ്റ് ക്വിസ് മത്സര ത്തിൽ ഫാറൂഖ് കോളേജിലെ എം. ആർ. ദീപകും, രമ്യാ രോഷ്നിയും ഒന്നാം സ്ഥാനവും ദേവഗിരി കോളേജിലെ വിനോദ് കുമാർ, ഷമിൽ. ഒ. എന്നിവർ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.




അബ്ദുസ്സമദ് സമദാനി
യൂണിയൻ ഉദ്ഘാടനം



ബി. എം. ഗഫൂർ
ഫൈൻ ആർട്സ് ക്ലബ്ബ് ഉദ്ഘാടനം

**അസോസിയേഷൻ പ്രവർത്തനങ്ങൾ:**

**മലയാളം:-** ഡിസംബർ 2ന് ടി.വി. കൊച്ചുബാവ ഉദ്ഘാടനം ചെയ്ത അസോസിയേഷൻ വ്യത്യസ്ത വിഷയങ്ങളെക്കുറിച്ച് പ്രഭാഷണങ്ങൾ, ചർച്ചാ ക്ലാസ്സുകൾ, സെമിനാറുകൾ, സംവാദ ങ്ങൾ, അഖില കേരളാ കോളേജ് മാഗ സിൻ പ്രദർശനം, ഫോക്‌ലോർ സായാഹ്നം, എ.പി.പി. അനുസ്മരണ പ്രഭാഷണം, സർഗ്ഗ സമീക്ഷ തുടങ്ങിയ പരിപാടികൾ നടത്തി.



അക്ബർ കക്കട്ടിൽ
ആർട്സ്ഡേ ഉദ്ഘാടനം

**സോഷ്യോളജി:-** അസോസിയേഷ ന്റെ കീഴിൽ വിവിധ വിഷയങ്ങളെ ക്കുറിച്ച് പ്രഭാഷണങ്ങളും സർവ്വേകളും നടന്നു. പല വിഷയങ്ങളെക്കുറിച്ചും സെമിനാറുകളും പേപ്പർ അവതരണ വും നടന്നു. കേരളത്തിലെ ഏറ്റവും നല്ല സോഷ്യോളജി അസോസിയേ ഷനുള്ള ഫാദർ പുത്തൻകലം ട്രോഫി രണ്ടാം വർഷവും നേടിയെടുത്തു.

**അറബിക്:-** അലീഗഢ് യൂണിവേഴ്സിറ്റി (യു.പി)യിലെ മഖ്ബൂൽ അ ഹ്മ്മദ് മിസ്ബാഹി ഉദ്ഘാടനം ചെയ്തു. ഉപന്യാ

സ മത്സരം, ക്വിസ് പ്രോഗ്രാം, വിശുദ്ധ ഖുർആൻ വിതരണം, വീഡിയോ പ്രദർശനം, അസ്സബാഹ് മാഗസിൻ പ്രകാശനം എന്നിവ നടത്തി.

**ഇക്കണോമിക്സ്:-** ഡിസംബർ 9ന് പ്രൊഫ: വിജയകുമാർ ഉദ്ഘാടനം ചെയ്തു. ക്ലാസ്സുകളും, ക്വിസ് മത്സരവും ഉപന്യാസ മത്സരവും സംഘടിപ്പിച്ചു.

**ഹിസ്റ്ററി:-** ഡിസംബർ 8ന് ഡോ. കമാൽ പാഷ ഉദ്ഘാടനം ചെയ്തു. വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

**ഫിസിക്സ്:-** ഡിസംബർ 4ന് ഡോ. ഫ്രാൻസിസ് ഉദ്ഘാടനം ചെയ്തു.

**കെമിസ്ട്രി:-** ഡിസംബർ 8ന് ഉദ്ഘാടനം ഡോ. വി. രാമൻ നടത്തി.

**ബോട്ടണി:-** ഡിസംബർ 9ന് ഫാറൂഖ് ട്രെയിനിംഗ് കോളേജിലെ പ്രിൻസിപ്പൽ ശ്രീ. അബ്ദുൽ സലാം ഉദ്ഘാടനം ചെയ്തു.

**സുവോളജി:-** ഡിസംബർ 4ന് ഡോ. അലി അഷ്റഫ് ഉദ്ഘാടനം ചെയ്തു.

**മാത്സ്:-** ഡിസംബർ 4ന് ഡോ. രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

സ്റ്റാറ്റിസ്റ്റിക്സ്:- ഡോ. ആർ.പി. സുരേഷ് ഉദ്ഘാടനം ചെയ്തു. കോളേജ് യൂണിയൻ തിരഞ്ഞെടുപ്പിൽ എക്സിറ്റ് പോൾ സംഘടിപ്പിക്കുകയും 100% വിജയം കണ്ടെത്തുകയും ചെയ്തു.

കൊമേഴ്സ്:- ഡിസംബർ 4ന് മിസ് എലിസബത്ത് ജോർജ്ജ് ഉദ്ഘാടനം ചെയ്തു. ക്വിസ് മത്സരവും സെമിനാറുകളും സംഘടിപ്പിച്ചു.

## കായിക രംഗം

ഫാറൂഖ് കോളേജിൽ വെച്ച് നടന്ന യൂണിവേഴ്സിറ്റി ഇൻറർസോൺ ഫുട്ബോൾ മത്സരത്തിൽ ഫാറൂഖ് കോളേജ് ജേതാക്കളായി. ഖലീൽ മികച്ച കളിക്കാരനായി തെരഞ്ഞെടുക്കപ്പെട്ടു. കബഡി, ക്രിക്കറ്റ് എന്നീ ടീമുകൾ എ-സോൺ ചാമ്പ്യന്മാരായി. ക്രിക്കറ്റ് ടീം കോഴിക്കോട് ജില്ലാ ബി ഡിവിഷനിലും ജേതാക്കളായി. ജൂനിയർ ഫുട്ബോൾ ടീം ഓൾകേരളാ സോണൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ടേബിൾ ടെന്നീസ് ടീം എ-സോൺ മത്സരത്തിൽ രണ്ടാം സ്ഥാനവും ഖൊ-ഖൊ ടീം യൂണിവേഴ്സിറ്റി ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനവും നേടി.

**സ്പോർട്സ് ഡേ:-**

മാർച്ച് 3ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി ഫുട്ബോൾ കോച്ച് സി.പി. ഉസ്മാൻ കോയ ഉദ്ഘാടനം നടത്തി. ഹൗസ് ടൂർണമെൻറിൽ ഡേ സ്കോളേഴ്സ് ഹൗസ് വിജയം നേടുകയും മധു കെ, സജിത് കുമാർ, ഹാജറ എന്നീ വിദ്യാർത്ഥികൾ വ്യക്തിഗത ചാമ്പ്യന്മാരായി തെരഞ്ഞെടുക്കപ്പെട്ടു. അസിസ്റ്റൻറ് പോലീസ് കമ്മീഷണർ ശ്രീ. ശ്രീനിവാസൻ മുഖ്യാതിഥിയായിരുന്നു.



*സിസ്റ്റർ നിർമൽ*



*റഹ്മത്തുന്നീസ*



*വിൽമ ജോൺ*

**ബി-സോൺ കലോത്സവം:**

കലോത്സവത്തിൽ ഫാറൂഖ് കോളേജ് റണ്ണേഴ്സ് അപ്പായി. ഓഫ് സ്റ്റേജ് മത്സരത്തിൽ കോളേജ് ഒന്നാം സ്ഥാനം നിലനിർത്തി. അനീഷ് കെ. ആർ. ചിത്രപ്രതിഭയായി തെരഞ്ഞെടുക്കപ്പെട്ടു.


ഇൻറർസോണിലും മികച്ച പ്രകടനം കാഴ്ചവെച്ചു. സാംസ്കാരികഘോഷയാത്രയിൽ ഏറ്റവും നല്ല ഫ്ളോട്ടിനുള്ള അയ്യായിരം രൂപയുടെ ഒന്നാം സമ്മാനം ഫാറൂഖിനായിരുന്നു. ഇൻറർസോണിലും അനീഷ് കെ.ആർ. തന്നെ ചിത്രപ്രതിഭ.

**കോളേജ് ഡേ:**


പ്രശസ്ത നോവലിസ്റ്റ് സി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പ്രമുഖ സിനിമാതാരം ജഗദീഷ് ആശംസകൾ നേർന്നു.

യൂണിയൻ എക്സിക്യൂട്ടീവ് കൗൺസിൽ അസോസിയേഷനുകളുടെ പ്രവർത്തനം വിലയിരുത്തിയതനുസരിച്ച് ഏറ്റവും നല്ല അസോസിയേഷനായി മലയാളത്തെ തെരഞ്ഞെടുത്തു. സോഷ്യോളജിക്കും അറബിക്കിനും യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ ലഭിച്ചു.

വൈകി വന്ന കോളേജ് യൂണിയൻ തെരഞ്ഞെടുപ്പും അതുയർത്തി വിട്ട കുറെ സംഭവ പരമ്പരകളും കോളേജ് യൂണിയൻ പ്രവർത്തനങ്ങളെ ഏറെ വൈകിച്ചു. യൂണിയൻ സാരഥികൾക്ക് നേരിടേണ്ടി വന്ന പ്രഹരങ്ങളും ഏറെ വൈഷമ്യങ്ങളും കർമ്മ വീഥിയെ ദുഷ്ക്കരമാക്കി. എങ്കിലും ബാക്കിയായ പ്രവൃത്തി ദിനങ്ങളിൽ ഒന്ന് പോലും പാഴാക്കാതെ വിനിയോഗിക്കാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്.



*പി. കെ. പാറക്കടവ്*




*ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്*



സി. രാധാകൃഷ്ണൻ



അബുസ്സബാഹ് അനുസ്മരണം.



ജഗദീഷ്



സീതി സാഹിബ് അനുസ്മരണം



സി. പി. എം. ഉസ്മാൻ കോയ



മെഹന്തി ഡിസൈനിംഗ്



ജേക്കബ് പുന്നൂസ്

പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് കോളേജ് യൂണിയന് ഏതാനും നിർദ്ദേശങ്ങളുണ്ട്.

1. കാമ്പസിലെ കലാകായിക പ്രതിഭകളെ കണ്ടെത്തുന്നതിന് ഇൻറർവ്യൂ സമയത്ത് തന്നെ പ്രത്യേകം സജ്ജീകരണം ഏർപ്പെടുത്തുക.
2. പ്രതിഭകളെ നേരത്തെ കണ്ടെത്തി പ്രോത്സാഹനം നൽകുന്നതിന് അ ധ്യയന വർഷത്തിൻെറ ആരംഭത്തി ൽ തന്നെ ഒരദ്ധ്യാപകൻെറ മേൽനോട്ടത്തിൽ സമിതി രൂപികരിച്ച് പ്രവർ ത്തനങ്ങൾക്ക് തുടക്കം കുറിക്കുക.
3. ഫൈൻ ആർട്സ് പരിപാടികൾ മത്സരാടിസ്ഥാനത്തിൽ സംഘടി പ്പിക്കുക.
4. നിലവിലുള്ള യൂണിയൻ ഫണ്ടിൻെറ അപര്യാപ്തത പരിഹരിക്കുന്നതിന് സ്റ്റുഡൻറ്സ് വെൽഫെയർ ഫണ്ട് സ്വരൂപിക്കാൻ പ്രിൻസിപ്പൽ മുൻകയ്യെടുക്കുക.

യൂണിയൻ പ്രവർത്തനങ്ങളോട് സഹകരിച്ച പ്രിൻസിപ്പൽ, സ്റ്റാഫ് അഡ്വൈസർ, ആർട്സ് ക്ലബ് ഡയറക്ടർ, മറ്റ് അധ്യാപകർ, അനധ്യാപകർ, നല്ല വരായ വിദ്യാർത്ഥി സുഹൃത്തുക്കൾ എന്നിവരെ നന്ദിയോടെ സ്മരിച്ചു കൊ ണ്ട്.

ജനറൽ സെക്രട്ടറി
സലീം എ. കെ.